ഉപഭോക്താക്കളുടെ മേൽ അടിച്ചേൽപ്പിക്കാനുള്ള സാധ്യതയുണ്ടാകും. അതൊഴിവാക്കുന്നതിന് കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് എന്തെങ്കിലും സബ്സിഡി കൊടുക്കാനോ സൗജന്യം കൊടുക്കാനോ ഗവൺമെന്റ് പ്രത്യേകമായി ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എസ്. ശർമ്മ : അതു ഒഴിവാക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം യു.ഡി.എഫ്. എന്നോ എൽ. ഡി. എഫ്. എന്നോ വ്യത്യാസമില്ലാതെ ഒരു നിലപാടെടുത്ത് രാജ്യസഭയിൽ ഒറ്റക്കെട്ടായി നിന്നാൽ ഇലക്ട്രിസിറ്റി 2000 ബിൽ തള്ളിക്കളയാൻ ഇടവരും. അപ്പോൾ പിന്നെ ആ പ്രശ്നം വരില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 182

അംബേദ്ക്കർ ഗ്രാമങ്ങളിലുള്ളവർക്ക് പട്ടയം

2 (*182) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംബേദ്ക്കർ ഗ്രാമങ്ങളിൽ താമസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും പട്ടയം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇനിയും എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകാൻ ഉണ്ടെന്ന കാര്യം വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) ഇല്ല

(ബി) പട്ടികജാതി വികസനവകുപ്പിനു കീഴിലുള്ള അംബേദ്ക്കർ ഗ്രാമങ്ങളിലെ 1,461 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള അംബേദ്ക്കർ ഗ്രാമങ്ങളിലെ 1,082 കുടുംബങ്ങൾക്കും പട്ടയം നൽകുവാനുണ്ട്.

(സി) കൂട്ടുകുടുംബ വ്യവസ്ഥയിൽ കഴിഞ്ഞുവരുന്ന ഗ്രാമവാസികൾ ഭൂമി ഭാഗം വച്ച് രണ്ടു മൂന്നു സെന്റുകളിലായിട്ടാണ് ഇപ്പോൾ താമസിച്ചുവരുന്നത്. നിയമപ്രകാരം ഇവർ ഓരോരുത്തരുടേയും കൈവശത്തിൽ ഇപ്പോഴുള്ള ഭൂമി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതല്ല. ഇക്കാരണത്താൽ പട്ടയം നൽകാൻ കാലതാമസം നേരിടുന്നുണ്ട്. വനഭൂമിയിൽ വസിക്കുന്നവർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. സർക്കാർ ഭൂമി വിലയ്ക്ക് വാങ്ങി പുനരധിവസിപ്പിച്ചവരുടെ കാര്യത്തിലും കൈവശരേഖയാണ് നൽകിയിട്ടുള്ളത്. ശേഷിക്കുന്നവരുടെ കാര്യത്തിൽ പട്ടയം നൽകാൻ നടപടി കൈക്കൊണ്ടുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ള മറുപടി പ്രകാരം അംബേദ്കർ ഗ്രാമങ്ങളിൽ താമസിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട 2,543 കുടുംബങ്ങൾക്ക് ഇപ്പോഴും പട്ടയം ലഭിക്കാൻ ബാക്കിയുണ്ട്. അതിനുപറയുന്ന പ്രധാനകാരണം അവരുടെ കൈവശം ഭൂമിയെ സംബന്ധിച്ച നിയമപ്രകാരമുള്ള രജിസ്റ്ററില്ല, അതുകൊണ്ടു പട്ടയം കൊടുക്കാൻ കാലതാമസം വരുന്നുവെന്നാണ് അതു ശരിയാണ്. എസ്.സി.-എസ്.ടി. വിഭാഗത്തിൽപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായും അവരുടെ ഭൂമിയെ സംബന്ധിച്ച് രജിസ്റ്റർ പോലെയുള്ള കാര്യങ്ങളുണ്ടാവുകയില്ല. അതിനു പ്രയാസമുണ്ട്. അതുകൊണ്ട് എസ്.സി.-എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർക്ക് റവന്യൂവിന്റെയും ഫോറസ്റ്റിന്റെയും ഉദ്യോഗസ്ഥൻമാർ ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തി പൊസഷൻ ബോധ്യപ്പെട്ടുകഴിഞ്ഞാൽ ആ ജോയിന്റു വെരിഫിക്കേഷനിൽ ബോധ്യപ്പെടുന്ന പൊസഷന്റെയടിസ്ഥാനത്തിൽ ഇവർക്ക് പട്ടയം കൊടുക്കാനുള്ള ഒരു നിർദ്ദേശം പരിഗണിക്കുമോ എന്നതിനെപ്പറ്റിയാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ റവന്യൂ വകുപ്പും പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പും ഫോറസ്റ്റു വകുപ്പും സംയുക്തമായി വെരിഫിക്കേഷൻ നടത്തി പട്ടയം കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. കൈവശ രേഖയും കൊടുത്തുകൊണ്ടിരിക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിച്ചിടത്തോളം അവരുടെ തൊഴിൽ, പാർപ്പിടം മറ്റു വികസനങ്ങൾ എന്നീ കാര്യങ്ങളെക്കുറിച്ചെല്ലാം ഗവേഷണപരമായ പഠനം നടത്താനുള്ള സ്ഥാപനമാണ് 'കിർത്താഡ്സ്'. 1998-99-ൽ 248 അന്വേഷണങ്ങൾ വിവിധ കാര്യങ്ങളെ സംബന്ധിച്ച് കിർത്താഡ്സ് നടത്തിയിട്ടുണ്ടെന്നാണ് ഇക്കണോമിക് റിവ്യൂവിലെ റിപ്പോർട്ടിൽ പറയുന്നത്. കിർത്താഡ്സിന്റെ അന്വേഷണ റിസൽട്ട് എന്തായിരുന്നു ? എന്താണ് ഇവരുടെ ഫൈൻഡിംഗ്സ് ? എന്തിനെപ്പറ്റിയാണ് ഇവർ അന്വേഷണം നടത്തിയത് ? ഇത് പബ്ലിഷ് ചെയ്യുമോ ? അങ്ങനെ പബ്ലിഷ് ചെയ്യുകയാണെങ്കിൽ നയരൂപീകരണം നടത്തുന്ന ആളുകൾക്കും പൊതുപ്രവർത്തകർക്കും കിർത്താഡ്സിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങളിൽ സമ്മർദ്ദം ചെലുത്താൻ സാധിക്കും. അതുകൊണ്ട് കിർത്താഡ്സ് നടത്തിയിട്ടുള്ള അന്വേഷണങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്ന കാര്യം ദയവായി പരിഗണിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, കിർത്താർഡ്സിന്റെ അന്വേഷണം ചില പ്രത്യേക കേസ്സുകളിലാണ് നടത്തുന്നത്. കിർത്താഡ്സിന്റെ അന്വേഷണം കൊണ്ടു മാത്രം പൂർണ്ണമാകുന്നില്ല. കിർത്താഡ്സിന്റെ അന്വേഷണത്തിനുശേഷം സ്ക്രൂട്ടിണി കമ്മിറ്റി വെരിഫൈ ചെയ്യും. സ്ക്രൂട്ടിണി കമ്മിറ്റി വെരിഫൈ ചെയ്തതിനുശേഷമാണ് തീരുമാനിക്കപ്പെടുന്നത്. അതുകൊണ്ടു കിർത്താർഡ്സിന്റെ ഫൈന്റിംഗ്സ് അവസാനത്തേതല്ല. അതുകൊണ്ട് തന്നെ അത് വെളിപ്പെടുത്താൻ ചില ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മൊയിൻകുട്ടി : സർ, എല്ലാ ഗ്രാമങ്ങളിലും അംബേദ്കർ കോളനി സ്ഥാപിക്കുമെന്നായിരുന്നു ഗവൺമെന്റിന്റെ നയം. അതിൽ എത്ര ഗ്രാമങ്ങളിൽ അംബേദ്കർ കോളനി സ്ഥാപിച്ചിട്ടുണ്ടെന്ന് പറയാമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, മൊത്തം 175 ഗ്രാമങ്ങളിൽ അംബേദ്കർ കോളനി സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ എസ്. ടി കോളനികൾ 36 എണ്ണമാണ് സ്ഥാപിച്ചിട്ടുള്ളത്.

ശ്രീ. സി. മൊയിൻകുട്ടി : സർ, അംബേദ്കർ കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തിയെന്നു പറയുവാൻ സാധിക്കുമോ ? അവശേഷിക്കുന്ന പഞ്ചായത്തുകളിൽ സമയബന്ധിതമായി കോളനി സ്ഥാപിക്കുന്നതിനുവേണ്ടി യുള്ള വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇനി പുതിയ കോളനികൾ സ്ഥാപിക്കുന്ന നയം സ്വീകരിക്കുന്നില്ല. പക്ഷെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുത്തിട്ടുണ്ട്.

ശ്രീ. സി. കെ. രാജേന്ദ്രൻ : അംബേദ്കർ കോളനി തുടങ്ങി, പിന്നീട് പേരുമാറ്റി പല എസ്.സി-എസ്.ടി കോളനികൾ ഏറ്റെടുക്കുകയുണ്ടായി. അവിടെയെല്ലാം തന്നെ നിരവധി പദ്ധതികൾ തുടങ്ങുകയും ചെയ്തു. അവയൊന്നും പൂർത്തിയായിട്ടില്ല. അങ്ങനെ പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനു പ്രത്യേക പരിഗണന നൽകി ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : അംബേദ്കർ കോളനി പോലെതന്നെയാണ് ഐ.എച്ച്.ഡി.പി. കോളനികളും തെരഞ്ഞെടുത്തത്. ഈ കോളനികളിലെല്ലാം തന്നെ പണി പൂർത്തിയാകാതെ ഇപ്പോഴും കിടക്കുന്നുണ്ട്. അത് പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : പറമ്പിക്കുളം ഡാംസൈറ്റിനടുത്ത് ഡാം പണിയുന്ന കാലത്ത് പദ്ധതി പ്രദേശത്തു നിന്നും കുറെ കുടുംബങ്ങളെ മാറ്റി താമസിപ്പിച്ചിട്ടുണ്ട്. അന്ന് അവർ കൊച്ചു കുടിലുകൾവച്ച് താമസിച്ചു. വർഷങ്ങൾ കഴിഞ്ഞു കുടുംബങ്ങൾ പെറ്റുപെരുകി കൂടുതൽ അംഗങ്ങളുണ്ടായെങ്കിലും പഴയ സ്ഥലത്തുനിന്നും ഒരിഞ്ചു ഭൂമി പോലും അവർക്ക് കൈവശപ്പെടുത്തുവാനോ കുടിൽവച്ചു താമസിക്കുവാനോ കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് നമ്മുടെ ആവശ്യത്തിന് കാട്ടിൽ താമസിപ്പിച്ചിരിക്കുന്ന ഈ പട്ടികവർഗ്ഗക്കാർക്കു അവരുടെ കുടുംബങ്ങൾക്കു മുഴുവൻ താമസിക്കാൻ തക്കവണ്ണമുള്ള വനഭൂമി നൽകി അതിനു കൈവശരേഖയോ പട്ടയമോ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, വനം വകുപ്പുമായി ഈ കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് അവരെ മറ്റേതെങ്കിലും പ്രദേശത്തു മാറ്റി പാർപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തു പ്രഖ്യാപിക്കപ്പെട്ട അംബേദ്കർ ഐ.എച്ച്.ഡി.പി. കോളനികളിൽ യാതൊരു സൗകര്യവുമില്ലാതെ ഒട്ടനവധി കുടുംബങ്ങൾ ഇപ്പോഴും താമസിക്കുന്നു. അതിനു കാരണം അവർക്ക് വീട് വയ്ക്കുന്നതിനു ആധികാരികമായ രേഖ ഗവൺമെന്റ് സ്ഥാപനങ്ങളിൽ ഹാജരാക്കാൻ സാധിക്കാത്തതുകൊണ്ടാണ്. ഇത്തരം പ്രഖ്യാപിക്കപ്പെട്ട ഐ.എച്ച്.ഡി.പി. കോളനികളിൽ അവരുടേതായ സ്ഥലത്തിനു ആധികാരികമായ രേഖ കൊടുക്കുകയോ അല്ലെങ്കിൽ അവർക്കു താമസസൗകര്യമേർപ്പെടുത്താൻ ആവശ്യമായ മറ്റ് സൗകര്യങ്ങളേർപ്പെടുത്തുകയോ ചെയ്യുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇപ്പോൾതന്നെ ആധികാരികരേഖ ഇല്ലാത്ത ആളുകൾക്കും വീട് വയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ട്. കുടുംബത്തിന്റെ കൺസെന്റുണ്ടെങ്കിൽ അവർക്കെല്ലാം വീട് വയ്ക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഫോറസ്റ്റ് ഏരിയയിൽ താമസിക്കുന്ന ആദിവാസികളെ ഒഴിപ്പിക്കില്ല അവരെ കുടിയിരുത്തും, പട്ടയം നൽകുമെന്ന് ബഹുമാനപ്പെട്ട വി. കെ. ചന്ദ്രന്റെ ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞു. ഇപ്പോൾ ഈ സംസ്ഥാന സർക്കാർ കൊണ്ടുവന്ന വനം ഓർഡിനൻസിൽ നാചറൽ വെജിറ്റേഷനുള്ള സ്ഥലങ്ങൾ (നാചറൽ വെജിറ്റേഷനുള്ള സ്ഥലങ്ങളിലാണ് ആദിവാസികൾ താമസിക്കുന്നത്). ആ ആദിവാസികളെ ഇറക്കിവിടാനുള്ള വ്യവസ്ഥ ഈ നിയമത്തിനകത്തുണ്ട്. അത് മാറ്റാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഏത് നിയമം കൊണ്ടുവന്നാലും അവർ ഇപ്പോൾ താമസിക്കുന്നിടത്തുനിന്ന് ഇറക്കിവിടാൻ ഒരിക്കലും അനുവദിക്കുകയില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് അത്തരം സാഹചര്യം ഒഴിവാക്കുന്നതാണ്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, ഐ. എച്ച്. ഡി. പി. കോളനികളിലും അംബേദ്കർ കോളനികളിലും കുടിവെള്ള പ്രശ്നം ഒരു ഗുരുതരമായ പ്രശ്നമായിത്തീർന്നിട്ടുണ്ട്. കുടിവെള്ള പ്രശ്നം പരിഹരിക്കാത്തതുമൂലം പകർച്ച വ്യാധികൾ ഈ കോളനികളിൽ കൂടെക്കൂടെ ഉണ്ടാകാറുണ്ട്. അങ്ങനെയുള്ള സ്ഥിതി പരിഹരിക്കുന്നതിനുവേണ്ടി മൈക്രോ വാട്ടർസപ്ലൈ സ്കീമോ മിനിവാട്ടർ സപ്ലൈ സ്കീമോ കോളനികളിൽ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിതന്നെയാണ്. കുടിവെള്ളത്തിന്റെ കാര്യം വലിയ പ്രശ്നമാണ്. ലോക്കൽ ബോഡീസിന്റെ സഹകരണത്തോടുകൂടി വിവിധ കോളനികളിൽ ഇപ്പോൾത്തന്നെ കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടാക്കുന്നതിന് ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ : ശ്രീ. കെ. പി. എ. മജീദ്, അങ്ങയെ കാണുന്നില്ല കേട്ടോ. അങ്ങയുടെ മുൻപിലിരിക്കുന്ന പ്ലക്കാർഡ് അങ്ങയെ കാണത്തക്കവിധം വച്ചാൽ മതി.

ശ്രീ. കെ. പി. എ. മജീദ് : അഴിമതി അത്ര ഉയർന്നു നിൽക്കുകയാണ്. ഞാൻ എന്തു ചെയ്യാൻ.

മി. സ്പീക്കർ : ചെയറിനും അങ്ങേയ്ക്കുമിടയ്ക്ക് ഒരു തടസ്സവും പാടില്ല.

ശ്രീ. കെ. പി. എ. മജീദ് : സർ, അതുകൊണ്ടാണ് പ്ലക്കാർഡ് മാറ്റിവച്ചത്. അങ്ങയുടെ വികാരം കണക്കിലെടുത്താണ് ഞാൻ മാറ്റിവച്ചത്. സർ, അംബേദ്ക്കർ ഗ്രാമങ്ങളിലെ പട്ടയം സംബന്ധിച്ച കാര്യമാണെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയോട് ഇതു ഡിപ്പാർട്ടുമെന്റിൽ ചോദിച്ചാൽ മറുപടി അറിയുവാൻ കഴിയുമെന്നുള്ളതുകൊണ്ട് പറയുകയാണ്. പഴയ കാലങ്ങളിൽ മരിച്ചാൽ ശവം മറവുചെയ്യാൻ വലിയ പ്രയാസമുണ്ടായിരുന്നില്ല. തൊട്ടടുത്തു എവിടെയെങ്കിലും മറവുചെയ്തിരുന്നു. ഇപ്പോൾ പലയിടത്തും തർക്കം വന്നിരിക്കുകയാണ്. മരിച്ചാൽ ശവം മറവു ചെയ്യാൻ ബുദ്ധിമുട്ട് വന്നിരിക്കുകയാണ്. പട്ടികജാതിക്കാരെ സംബന്ധിച്ചും വളരെ ബുദ്ധിമുട്ടാണ്. അതുകൊണ്ട് അവർക്കു ശ്മശാനമുണ്ടാക്കുവാനോ അല്ലെങ്കിൽ അങ്ങനെയുള്ള തർക്കമുണ്ടാകുമ്പോൾ അത് തീർക്കാനോ അങ്ങോ ഡിപ്പാർട്ടുമെന്റോ മുൻകൈ എടുത്ത് ഒരു സംവിധാനമുണ്ടാക്കണം. ഇത് വളരെ ഗൗരവതരമായ പ്രശ്നമായി വന്നിരിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അങ്ങ് പഞ്ചായത്തു പ്രസിഡന്റായിരുന്ന ആളാണ്. പഞ്ചായത്തുകൾക്ക് ഇപ്പോൾ പ്രത്യേകം പെർമിഷൻ കൊടുത്തിട്ടുണ്ട്. അത്യാവശ്യമായി വരുന്ന സ്ഥലങ്ങളിലെല്ലാം തന്നെ ശ്മശാനമുണ്ടാക്കുന്നതിനും അവരുടെ ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നുതന്നെ ഫണ്ട് ഉപയോഗിക്കാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ മിക്കവാറും പഞ്ചായത്തുകളിൽ പൊതുശ്മശാനം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. പട്ടികജാതിക്കാർക്കുവേണ്ടി പ്രത്യേക ശ്മശാനമുണ്ടാക്കാനും അനുവാദം കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, പട്ടയപ്രശ്നം വളരെ പഴക്കമുള്ള ഒരു കീറാമുട്ടി പ്രശ്നമായി എന്നും നിലനിൽക്കുന്നു. കൈവശ ഭൂമി പതിച്ചു കൊടുക്കാൻ നിലവിൽ വ്യവസ്ഥയും ഉണ്ട്. 60 കൊല്ലമായിട്ടുള്ള കൈവശഭൂമി പോലും പതിച്ചു കൊടുക്കാത്ത കോളനികളുണ്ട്. കേരളത്തിലെ ഏറ്റവും വലിയ അംബേദ്കർ ഗ്രാമമായിട്ടുള്ള മലനട അംബേദ്കർ വില്ലേജിൽ 60 കുടുംബങ്ങളിൽ 42 പേർക്ക് ഈ സാധ്യത ഉപയോഗിച്ച് ഞാൻ നേരിട്ട് ഇടപെട്ട് ഉദ്യോഗസ്ഥൻമാരെ കൊണ്ടു 42 പേർക്കു പട്ടയം കൊടുപ്പിച്ചു. ഇനിയും 60 കൊല്ലം പഴക്കമുള്ള 22 കുടുംബങ്ങൾക്കു പട്ടയം കൊടുക്കാൻ കാലതാമസം വരുന്നുണ്ട്. ഇതുപോലുള്ള പ്രശ്നങ്ങളിൽ മൂന്നു മാസത്തിനകം നിയമതടസ്സമില്ലാത്തവർക്ക് പട്ടയം കൊടുത്തു ഗവൺമെന്റിന് വിവരം അറിയിക്കണമെന്ന് അങ്ങ് നേരിട്ട് വ്യക്തിപരമായി ശ്രദ്ധയെടുത്ത് ഒരു നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നിയമപരമായി തടസ്സമില്ലാത്ത എല്ലാ ആളുകൾക്കും പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, അംബേദ്ക്കർ കോളനികളിലും തീവ്രസങ്കേത കോളനികളിലും പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചതുകൊണ്ടു ആ കോളനികളിലല്ലാതെ താമസിക്കുന്ന പല ആളുകൾക്കും ആനുകൂല്യം കിട്ടാറില്ല. മാത്രവുമല്ല അവരെ പരമ്പരാഗതമായി നിൽക്കുന്ന സാമൂഹിക പിന്നോക്കാവസ്ഥയിൽ തളച്ചിടാൻ മാത്രമേ കോളനി സങ്കല്പം പരിഹാരമാകൂ എന്നതുകൊണ്ട് കോളനി സങ്കൽപം മാറ്റി പൊതുധാരയിൽ എത്താവുന്നവിധം ഒരു പദ്ധതി വികസന സമീപനം കൈക്കൊള്ളുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, കോളനി സിസ്റ്റം എന്നതു നിരുൽസാഹപ്പെടുത്തുന്നതിനുവേണ്ടിയാണ് പുതുതായി കോളനികൾ ഒന്നും അനുവദിക്കണ്ടയെന്നു ഗവൺമെന്റ് തീരുമാനിച്ചത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സ്കാറ്റേർഡ് ഏരിയായിലുള്ളവർക്കുകൂടി ഇതിന്റെ പ്രയോജനം ലഭിക്കുവാൻ കഴിയുന്ന രീതിയിലാണ് ലോക്കൽ ബോഡീസ് സൗകര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. കണാരൻ : സർ, അംബേദ്ക്കർ കോളനിയായി പ്രഖ്യാപിച്ച് ആ കോളനിയുടെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി തുകയും നീക്കിവച്ചു. തോട്, വീട്, ഇലക്ട്രിസിറ്റി, കക്കൂസ്, തൊഴിൽ, തൊഴിലുപകരണങ്ങൾ ഇതിനെപ്പറ്റിയൊക്കെ പ്രഖ്യാപിച്ച് ആവശ്യമായ ഓരോന്നിനും പ്രത്യേകമായ തുകയും മാറ്റിവച്ചു. പക്ഷെ നേരത്തെ അങ്ങ് പറഞ്ഞതുപോലെ പലതും നടപ്പിൽ വന്നില്ല. അതിന് അന്നത്തെ എസ്റ്റിമേറ്റ് തുക പോരാതെ വന്നു. അങ്ങനെ വരുമ്പോൾ ആ എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്തി അന്ന് പ്രഖ്യാപിച്ച മുഴുവൻ നടപടികളും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ പല കാര്യങ്ങളും പൂർത്തീകരിച്ചു വരികയാണ്. എവിടെയെങ്കിലും ഇനി പൂർത്തീകരിക്കാത്തത് ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. സി. ടി. അഹമ്മദ് അലി : വർഷങ്ങളോളമായി ഐ.എച്ച്.ഡി.പി കോളനികളായി തെരെഞ്ഞെടുക്കപ്പെട്ട കോളനികളിൽ യാതൊരു വികസന പ്രവർത്തനവും നടത്താതെ ഇപ്പോഴും അവഗണിക്കപ്പെട്ടുകിടക്കുകയാണ്. ഇതിനു ആവശ്യമായ ഫണ്ട് അനുവദിച്ച് ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്താൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : കൂടുതൽ വികസന പ്രവർത്തനങ്ങൾ നടന്നു വരികയാണ്. അവഗണിക്കപ്പെട്ടതല്ല. അങ്ങനെയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. കണ്ണൻ : അംബേദ്കർ കോളനിയിലും അതുപോലെ മറ്റു കോളനികളിലും താമസിക്കുന്ന പട്ടിക വർഗ്ഗക്കാർ സാധാരണ മരിച്ചു കഴിഞ്ഞാൽ മറവ് ചെയ്യുന്നതു ഫോറസ്റ്റ് ഏരിയയിലെ ശ്മശാനത്തിലാണ്. അവിടെ മറവു

ചെയ്യാൻ ചെല്ലുന്ന സമയത്ത് ഫോറസ്റ്റു ഉദ്യോഗസ്ഥൻമാർ തടസ്സം ചെയ്യുന്ന പല സന്ദർഭങ്ങളും ഉണ്ട്. അതുകൊണ്ട് ഇപ്പോൾ അവിടെ മൃതദേഹം മറവ് ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പട്ടികജാതി വികസനവകുപ്പും ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരും കൂടി ചേർന്നുകൊണ്ട് ഇതുപോലുള്ള ആളുകൾക്കു കൈവശ രേഖ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : തീർച്ചയായും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : അംബേദ്ക്കർ ഗ്രാമങ്ങളിലും ഐ. എച്ച്. ഡി. പി കോളനികളിലും വികസന പ്രവർത്തനങ്ങൾക്കുവേണ്ടി തുക നീക്കി വച്ചിട്ടും ആ തുക മുഴുവനും ചെലവഴിക്കാത്ത കേസുകൾ നമ്മുടെ സംസ്ഥാനത്തു ധാരാളമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ അന്വേഷിക്കാൻ കമ്മിറ്റി വിളിച്ചുകൂട്ടിയപ്പോൾ പകുതിയിലധികം തുകയും ചെലവഴിക്കാൻ തയ്യാറായിട്ടില്ല. സംസ്ഥാന തലത്തിൽ നിലവിലുള്ള കോളനികളിൽ അനുവദിക്കപ്പെട്ട തുകകൾ ചെലവഴിക്കുന്നതിന് ഒരു റിവ്യു മീറ്റിംഗ് വിളിച്ചു കൂട്ടി അടിയന്തിരമായി പ്രവർത്തനം നടത്താനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ കെ. രാധാകൃഷ്ണൻ : ഇത് സംബന്ധിച്ച് എല്ലാ ജില്ലകളിലും റിവ്യു മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. നാരായണൻ : അംബേദ്ക്കർ ഗ്രാമം ഉൾപ്പെടെയുള്ള കോളനികളിൽ ഹരിജനങ്ങളുടെ വീട് വയറിംഗ് ചെയ്തിട്ട് സി.ഡി. അടച്ചിട്ടുപോലും അവർക്ക് കണക്ഷൻ കൊടുക്കാൻ ബോർഡ് തയ്യാറായിട്ടില്ല. പ്രത്യേകിച്ച് എന്റെ നിയോജക മണ്ഡലത്തിൽ ഇത്തരം പരാതികൾ ധാരാളമായി നിലനിൽക്കുന്നു. എന്നാൽ ഇതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷിച്ച് ഇതിനു പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം അന്വേഷിച്ച് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ: 183

സംസ്ഥാനത്ത് അടച്ചിട്ടിരിക്കുന്ന വ്യവസായശാലകളിലെ തൊഴിലാളികൾ

3 (*183) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടച്ചിട്ടിരിക്കുന്ന വ്യവസായശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകുന്ന എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

[27-6-2000 -ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 3 (*183) ദയവായി കാണുക]

സമരങ്ങൾ മൂലം അടച്ചിട്ട സ്ഥാപനങ്ങൾ

1. സ്റ്റാൾ കാർബൈഡ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്
2. ഗയ്ക്കോ ലിമിറ്റഡ്, കോട്ടയം
3. അയ്യപ്പാസ് സിൽക്ക് ഹൗസ്, കോട്ടയം
4. ഫറൂക്ക് ടൈൽസ്, കോഴിക്കോട്
5. ചാണ്ടി സൺസ് ലാറ്റക്സ്, പാലക്കാട്

ലോക്കൗട്ട് മൂലം അടച്ചിട്ട സ്ഥാപനങ്ങൾ

1. ടി. ജി. എം. കുണ്ടറ, കൊല്ലം
2. ചാക്സൺസ് കെമിക്കൽസ്, തൃശ്ശൂർ
3. ഈസ്റ്റേൺ കോണ്ടിനൻസ്, ഇടുക്കി
4. വെസ്റ്റ് ഇന്ത്യാ സ്റ്റീൽ കമ്പനി, കോഴിക്കോട്
5. എക്സൽ എഞ്ചിനീയേഴ്സ് ആന്റ് എക്സൽ പ്രസിംഗ് ലിമിറ്റഡ്, എറണാകുളം
6. പുളിമൂട്ടിൽ ഓട്ടോ സ്പേയേഴ്സ്, ഇടുക്കി
7. പൊൻമുടി എസ്റ്റേറ്റ്, തിരുവനന്തപുരം
8. മലബാർ ക്രംബ് റബ്ബർ ഫാക്ടറി, കോഴിക്കോട്
9. ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനി, ഇടുക്കി
10. പൊറ്റക്കാട് റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം
11. ലക്ഷ്മി സ്റ്റാർച്ച്, കുണ്ടറ, കൊല്ലം
12. തിരുവേപ്പതി മിൽസ് പ്രൈവറ്റ് ലിമിറ്റഡ്, കണ്ണൂർ
13. വിക്ടറി ടൈൽ വർക്സ്, എറണാകുളം
14. സിൽവർഫാം പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം
15. ആനന്ദ വാട്ടർ മീറ്റർ കമ്പനി ലിമിറ്റഡ്, എറണാകുളം
16. പുനലൂർ പേപ്പർ മിൽസ്, പുനലൂർ, കൊല്ലം
17. കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ്, നിലമ്പൂർ, പുനലൂർ

LIBRARY ARCHIVES Kerala Legislative Assembly

ലേ ഓഫ് മുഖേന അടച്ചിട്ട സ്ഥാപനങ്ങൾ

1. കോക്കനട്ട് കോംപ്ലക്സ്, കോഴിക്കോട്
2. സ്റ്റാൻഡേർഡ് സ്റ്റോൺ പെയേഴ്സ് ആന്റ് ടൈൽസ്, എറണാകുളം
3. മത്തായി കോട്ടൺ മിൽസ്, എറണാകുളം
4. സഫാ ലെതർ വർക്സ്, തൃശ്ശൂർ
5. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, തിരുവനന്തപുരം
6. ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ്, കോട്ടയം
7. ഫോസ്ഫെറസ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ്, ആലപ്പുഴ
8. ബ്രിജ്സ്റ്റാർ ബോട്ട്സ്, ആലപ്പുഴ
9. മണ്ണാർക്കാട് ക്രംബ് റബ്ബർ ഫാക്ടറി, പാലക്കാട്
10. ബിംകോ ക്രംസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം
11. ക്രംസ് റബ്ബേഴ്സ്, മുട്ടം, ഇടുക്കി

അനുബന്ധം-II

[27-6-2000- ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 7 (*187) ദയവായി കാണുക]

1-1-2000 ന് ശേഷം രജിസ്റ്റർ ചെയ്യുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തന പരിധി ഒരു വില്ലേജ് പഞ്ചായത്തിലോ ഒരു മുനിസിപ്പാലിറ്റിയിലോ ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രവർത്തന പരിധി ഒരു താലൂക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

സഹകരണസംഘം രജിസ്ട്രേഷനുള്ള അപേക്ഷയിൻ മേൽ നടപടി സ്വീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിരിക്കുന്നു.

അപ്പക്സ് സംഘങ്ങളിലും കേന്ദ്ര സംഘങ്ങളിലും അഫിലിയേഷനുള്ള നടപടിക്രമവും അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കുന്നതിന് സമയ പരിധിയും നിശ്ചയിച്ചിരിക്കുന്നു.

നിയമാവലി ഭേദഗതിക്കുള്ള അപേക്ഷയിൻമേൽ നടപടി സ്വീകരിക്കുന്നതിന് സമയപരിധിയും, അതിനുള്ളിൽ തീർപ്പാക്കിയില്ലെങ്കിൽ സംഘങ്ങൾക്ക് പരാതിപ്പെടാനും അത് തീർപ്പാക്കുന്നതിനുള്ള സമയ പരിധിയും നിശ്ചയിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംഘങ്ങളിൽ അംഗങ്ങളാക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അംഗത്വത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയ പരിധി ഉൾപ്പെടുത്തിയിട്ടുണ്ട്, ഹോസ്പിറ്റൽ സഹകരണ സംഘങ്ങളിൽ വ്യവസായ വാണിജ്യ സ്ഥാപനങ്ങളേയോ മറ്റേതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയോ അംഗങ്ങളാക്കുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly